**മൂന്നാമത് ഇന്ത്യ- ബംഗ്ലാദേശ് സംയുക്ത ഉപദേശകസമിതിയുടെ ( Joint Consultative Commission - JCC) യോഗം**

സെപ്തംബർ 15, 2014

ഇന്ത്യയുടെ കേന്ദ്ര വിദേശകാര്യ മന്ത്രിയും ബംഗ്ലാദേശ് വിദേശകാര്യ മന്ത്രിയും അധ്യക്ഷപദം പങ്കു വയ്ക്കുന്ന മൂന്നാമത് ഇന്ത്യ- ബംഗ്ലാദേശ് സംയുക്ത ഉപദേശകസമിതിയുടെ ( Joint Consultative Commission -JCC) യോഗം സെപ്തംബർ ഇരുപതിന് (സെപ്തംബർ 20, 2014 ) ന്യൂഡെൽഹിയില് വച്ച് നടക്കും, ഈ യോഗത്തിനുള്ള ബംഗ്ലാദേശ് പ്രതിനിധി സംഘത്തെ ആദരണീയനായ ബംഗ്ലാദേശ് വിദേശകാര്യ മന്ത്രി ശ്രീ അബുൾ ഹസന് മഹ്മൂദ് അലി നയിക്കും .

വികസനത്തിനു വേണ്ട സഹകരണത്തിനുള്ള കരാർ ചട്ടക്കൂടിന് കീഴിൽ സംഘടിപ്പിച്ചിട്ടുള്ള ജെസിസി , രണ്ടായിരത്തി പതിനൊന്നിൽ ഇന്ത്യയുടെ പ്രധാനമന്ത്രി ഡോ. മൻമോഹന് സിംഗിന്റെ ബംഗ്ലാദേശ് സന്ദർശനത്തോട് അനുബന്ധിച്ചാണ് ഒപ്പ് വച്ചത് . ജെസിസിയുടെ ആദ്യ യോഗം മെയ് രണ്ടായിരത്തി പന്ത്രണ്ടിൽ ന്യൂഡെൽഹിയില് വച്ചും രണ്ടായിരത്തി പതിമൂന്ന് ഫെബ്രുവരിയിൽ ധാക്കയിൽ വച്ചും നടന്നു.

നടക്കുവാനിരിക്കുന്ന ജെസിസി യോഗം, ഇരു രാജ്യങ്ങളുടെയും ബന്ധത്തിൽ , വിവിധ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതികള് അവലോകനം ചെയ്യുക, കൂടുതൽ പ്രാധാന്യമുള്ള മേഖലകൾ കണ്ടെത്തുക , ഉഭയകക്ഷി ബന്ധത്തിൽ കൂടുതല് വളർച്ചക്ക് വേണ്ടിവരുന്ന നിർദേശങ്ങള് കൊടുക്കുക എന്നതില് ആകും കൂടുതല് ശ്രദ്ധ

കൊടുക്കുക .

ഇന്ത്യയിലുള്ള സമയം , ബംഗ്ലാദേശ് വിദേശകാര്യ മന്ത്രി ആദരണീയനായ ഇന്ത്യയുടെ രാഷ്ട്രപതി, ആദരണീയനായ പ്രധാനമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യയുടെ ക്യാബിനറ്റ് അംഗങ്ങളുമായും പ്രത്യേകം കൂടിക്കാഴ്ചകൾ അദ്ദേഹം നടത്തും.

ന്യൂഡെൽഹി
സെപ്തംബർ 15, 2014